1921

# മലബാർ സമരം

വാള്യം മൂന്ന്

# ദേശം അനന്തരം അതിജീവനം

യുവത ബുക് ഹൗസ്
പി ബി.നമ്പർ: 524, കോഴിക്കോട്-2
ഫോൺ: +91 75949 72227
Email: yuvathabooks@gmail.com
www.yuvathabooks.in

Scanned with CamScanner

1921
Malabar Samaram
(6 Vol)

**Vol. 3**
**Desham, Anantharam, Athijeevanam**

General Editor: **Dr. K K N Kurup**

First edition 2022

ISBN 978-93-91938-00-0

9 789391 938000

© Copyright reserved with Publisher
*No part of this book may be reproduced, transmitted or stored in an information retrieval system in any form or by any means, without prior written permission from the publisher.*

Cover Design: Trueberry
Type Setting: Muneer

Proof : Yahya N.P
Layout : Mahin Abdulrahiman
Printed in at Geethanjali Offset Prints, Calicut

Publisher:

**Yuvatha Book House**
CIG Building, RM Road, Calicut -2
Ph: 7594972227
yuvathabooks@gmail.com
www.yuvathabooks.in

Price: ₹ **650.00**

Scanned with CamScanner

1921 മലബാർ സമരം

## എഡിറ്റോറിയൽ ബോർഡ്


ജനറൽ എഡിറ്റർ

**ഡോ. കെ കെ എൻ കുറുപ്പ്**

എഡിറ്റർമാർ

**ഡോ. പി പി അബ്ദുൽ റസാഖ്**

**ഡോ. കെ ഗോപാലൻകുട്ടി**

**പ്രൊഫ. ഇ ഇസ്മായിൽ**

**ഡോ. ഉമർ തറമേൽ**

**ഡോ. ജി ഉഷാകുമാരി**

എക്സിക്യൂട്ടീവ് എഡിറ്റർ

**ഡോ. സി എ ഫുക്കാർ അലി**

കോ-ഓാഡിനേറ്റിങ് എഡിറ്റർ

**ഡോ. കെ ടി അൻവർ സാദത്ത്**


Scanned with CamScanner

## ലേഖകർ

**ഡോ. കെ ഗോപാലൻകുട്ടി**
*(റിട്ട. പ്രൊഫസർ, ചരിത്ര വിഭാഗം മുൻ മേധാവി, കാലിക്കറ്റ് യൂണിവേഴ്സിറ്റി)*

**ഡോ. പി പി അബ്ദുൽ റസാഖ്**
*(അസോസിയേറ്റ് പ്രൊഫസർ (റിട്ട.), പി എസ് എം ഒ കോളേജ്, തിരൂരങ്ങാടി)*

**ഡോ. കെ എസ് മാധവൻ**
*(പ്രൊഫസർ, ചരിത്ര വിഭാഗം കാലിക്കറ്റ് യൂണിവേഴ്സിറ്റി)*

**ഡോ. വി വി കുഞ്ഞികൃഷ്ണൻ**
*(റിട്ട. പ്രിൻസിപ്പൽ, ശ്രീനീലകണ്ഠ ഗവ. സംസ്കൃത കോളജ്, പട്ടാമ്പി)*

**ഡോ. ജോൺ ജോസഫ്**
*(മുൻ പ്രൊഫസർ & ഹെഡ്, ചരിത്രവിഭാഗം, നിർമലഗിരി കോളജ്, കൂത്തുപറമ്പ്)*

**ഡോ. ഷംഷാദ് ഹുസൈൻ കെ ടി**
*(പ്രൊഫസർ, മലയാള വിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, തിരൂർ)*

**ഡോ. ടി മുഹമ്മദലി**
*(പ്രൊഫസർ ആന്റ് ഹെഡ്, ചരിത്ര വിഭാഗം, ഫാറൂഖ് കോളജ്)*

**ഡോ. പുത്തൂർ മുസ്തഫ**
*(റിട്ട. പ്രിൻസിപ്പൽ, എൻ എ എം കോളജ്, കല്ലിക്കണ്ടി)*

**ഡോ. ജ്യോതിർമണി വടക്കയിൽ**
*(വകുപ്പു മേധാവി, ചരിത്ര വിഭാഗം, എസ് വി എസ് എസ് കോളജ്, വടക്കാഞ്ചേരി)*

Scanned with CamScanner

**ഡോ. ശ്രീവിദ്യ വട്ടാറമ്പത്ത്**
*(ചരിത്ര വിഭാഗം, ഗവൺമെന്റ് കോളജ്, മലപ്പുറം)*

**ഡോ. രാജീവൻ കുന്നത്ത്**
*(അസിസ്റ്റന്റ് പ്രൊഫസർ, ഡിപാർട്ട്മെന്റ് ഓഫ് ഇസ്‌ലാമിക് ആന്റ് വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, കേരള സർവകലാശാല, തിരുവനന്തപുരം)*

**ഡോ. വിനീത് ആർ**
*(അസിസ്റ്റന്റ് പ്രൊഫസർ, ചരിത്ര വിഭാഗം, കോഴിക്കോട് സർവകലാശാല)*ന

**ഡോ. അനീസുദ്ദീൻ പി കെ**
*(അസി. പ്രൊഫസർ, ചരിത്ര വിഭാഗം, ഗവ. വിക്ടോറിയ കോളജ്, പാലക്കാട്)*

**സൈതാലി പി പി**
*(അസി. പ്രൊഫസർ, പി ജി ആന്റ് റിസർച്ച് ഡിപാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി, സ്വദഖതുള്ളാഹ് അപ്പാ കോളജ്, തിരുനെൽവേലി, തമിഴ്നാട്)*

**ഡോ. കെ പി ശംസുദ്ദീൻ തിരൂർക്കാട്**
*(അധ്യാപകൻ, എഴുത്തുകാരൻ)*

**ഡോ. വി ഹിക്മത്തുല്ല**
*(അസി. പ്രൊഫസർ, മലയാള വിഭാഗം, കെ എ എച്ച് എം യൂനിറ്റി വിമൻസ് കോളജ്, മഞ്ചേരി)*

**കെ കെ അഷ്റഫ് വാണിമേൽ**
*(അസോസിയേറ്റ് പ്രൊഫസർ, ചരിത്ര വിഭാഗം, ഗവ. കോളജ്, മൊകേരി)*

**ഡോ. മനാഫ് കെ കെ**
*(സ്വതന്ത്ര ഗവേഷകൻ, തിരുവനന്തപുരം)*

**ടി പി എം ബഷീർ**
*(എഴുത്തുകാരൻ, സ്വതന്ത്ര ഗവേഷകൻ)*

**ഡോ. കെ ടി അൻവർ സാദത്ത്**
*(വകുപ്പു മേധാവി, ഇസ്‌ലാമിക് ഹിസ്റ്ററി, സുല്ലമുസ്സലാം അറബിക് കോളജ്, അരീക്കോട്)*

**ഡോ. സുഫിയാൻ അബ്ദുസ്സത്താർ**
*(അധ്യാപകൻ, എഴുത്തുകാരൻ, വേങ്ങര, മലപ്പുറം)*

**ഡോ. ഹിശാമുൽ വഹാബ്**
*(സ്വതന്ത്ര ഗവേഷകൻ, ന്യൂഡൽഹി)*

Scanned with CamScanner

# മലബാർ സമരവും രണ്ടു സിനിമകളും

ഡോ. വി ഹിക്മത്തുല്ല
*(അസി. പ്രൊഫസർ, മലയാള വിഭാഗം,
കെ എ എച്ച് എം യൂനിറ്റി വിമൻസ് കോളജ്, മഞ്ചേരി)*

മലബാർ സമരത്തിന്റെ ഓർമകൾക്ക് ഒരു നൂറ്റാണ്ട് പൂർത്തിയാകുമ്പോൾ പല തരം പുനരന്വേഷണങ്ങൾ നടക്കുകയാണ്. മലയാളിയുടെ ജനപ്രിയ സംസ്കാരത്തെയും വലിയ അളവിൽ ഈ വ്യവഹാരങ്ങൾ നിർണയിച്ചിട്ടുണ്ട്. ജനപ്രിയ കലയായ സിനിമയിലൂടെ എങ്ങനെയാണ് മലബാർ സമരം വായിക്കപ്പെട്ടത് എന്നതാണ് ഇവിടെ അന്വേഷിക്കുന്നത്.

ഒരു സാമൂഹിക ക്രമത്തിൽ സാംസ്കാരികോൽപന്നങ്ങൾ രൂപംകൊള്ളുന്നതും വിതരണം ചെയ്യപ്പെടുന്നതും എങ്ങനെയാണെന്നും അവ പ്രതിനിധാനം ചെയ്യപ്പെടുന്നത് എപ്രകാരമാണെന്നും സംസ്കാര പഠനം അന്വേഷിക്കുന്നു. ജനപ്രിയ സംസ്കാര പഠനം, ജനസമൂഹങ്ങളെയും അവരുടെ വ്യത്യസ്തമായ ജീവിത വ്യവഹാരങ്ങളെയും പഠിക്കുന്നു. ജനങ്ങളുടെ അഭിപ്രായം രൂപപ്പെടുത്തുന്നതിൽ, പൊതുബോധം നിർമിക്കുന്നതിൽ അധികാരികൾ കൃത്രിമമായി നിർമിക്കുന്ന 'സത്യങ്ങൾ' വലിയ പങ്കുവഹിക്കുന്നുണ്ട്. പല തവണ പറഞ്ഞ് നുണകൾ സത്യമാക്കുന്നതും ഇതിന്റെ ഭാഗമാണ്. പിൽക്കാലത്തേക്ക് വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന തരത്തിൽ ജനപ്രിയമായ ഓർമയായി ഈ നുണകൾ സഞ്ചരിക്കുകയും ചെയ്യും. ഇന്നുള്ള 1921നെക്കുറിച്ചുള്ള വ്യവഹാരങ്ങൾ യഥാർഥത്തിൽ 1921നെക്കുറിച്ചല്ല സംസാരിക്കുന്നത്, മറിച്ച്, മുസ്ലിമിനെക്കുറിച്ചാണ്. ഈ പശ്ചാത്തലത്തിലാണ് മലബാർ സമരത്തെക്കുറിച്ച് അക്കാലത്തു തന്നെ ബ്രിട്ടീഷുകാർ നിർമിച്ച ഒരു സിനിമയും 1988ൽ ഐ വി ശശി സംവിധാനം ചെയ്ത മറ്റൊരു നാട്ടുസിനിമയും നാം ചർച്ച ചെയ്യുന്നത്.



Scanned with CamScanner

## മലബാർ (മാപ്പിള) റെബലിയൻ

1930കളിൽ ബ്രിട്ടീഷുകാർ ഇന്ത്യയെക്കുറിച്ച് പല സിനിമകളും നിർമി ച്ചിട്ടുണ്ട്. വിദേശങ്ങളിൽ സ്വീകാര്യത നേടിയിരുന്നെങ്കിലും ഇന്ത്യക്കാർക്ക് ഈ സിനിമകളോട് നീരസമാണ് ഉണ്ടായിരുന്നതെന്ന് നന്ദിനി രതിയുടെ പഠനത്തിൽ പറയുന്നുണ്ട്.[1] പ്രാകൃതരും കൊള്ളക്കാരുമായ ഇന്ത്യക്കാരെ രക്ഷിച്ച് പരിഷ്കാരികളാക്കാനും കോളനിവത്കരണത്തിനു ന്യായം ചമയ്ക്കാനുമാണ് ഈ സിനിമകൾ ഉദ്യമിച്ചിരുന്നത്.

ഈ പ്രോപഗണ്ടയുടെ ഭാഗമായി 1921ൽ ബ്രിട്ടീഷുകാർ നിർമിച്ച സിനിമയാണ് 'മാപ്പിള റെബലിയൻ.' ലണ്ടനിലെ ആറ്റം സിനിമാ കമ്പനിയാണ് വിതരണം ഏറ്റെടുത്തത്. ബാംഗ്ലൂരിലെ പട്ടാള റിക്രൂട്ടിങ് ഓഫീസറായിരുന്ന മേജർ റോബിൻസൺ ആയിരുന്നു സിനിമയുടെ സംഘാടകൻ. 1921 ഡിസംബർ 12നാണ് ഇന്ത്യയിലും ഇംഗ്ലണ്ടിലും ഈ സിനിമ റിലീസ് ചെയ്തത്. കൊളോണിയൽ കാഴ്ചപ്പാടിലെ മലബാർ സമരം എന്താണെന്നു മനസ്സിലാക്കാൻ സിനിമ പ്രയോജനപ്പെടും. ഹിന്ദു-മുസ്ലിം എന്ന ബൈനറി നിർമിച്ച് തദ്ദേശീയരെ തമ്മിലടിപ്പിക്കാനാണ് ഈ സിനിമ കാര്യമായി ശ്രമിച്ചതെന്നു കാണാം.

മദ്രാസ് ആർക്കൈവിൽ നിന്നു തിരക്കഥ കണ്ടെത്തിയ ഗവേഷകർ അതിന്റെ ആകത്തുകയായി പറയുന്നത് ഇതാണ്: ഹിന്ദുക്കളെ കൂട്ടക്കൊല ചെയ്യുന്ന പ്രാകൃതരും മതഭ്രാന്തരമായ മാപ്പിളമാർ. അവർ ഹിന്ദു സ്ത്രീകളെ ബലാൽസംഗം ചെയ്യുന്നു. ഹിന്ദുക്കളുടെ കൃഷിയിടങ്ങളും വീടുകളും നശിപ്പിക്കുന്നു. അഭയാർഥികളായി അലയുന്ന ഹിന്ദുക്കളെ മനുഷ്യസ്നേഹികളായ ബ്രിട്ടീഷുകാർ രക്ഷിക്കുന്നു. 'ക്രൂരമുഹമ്മദരു'ടെ കലാപം അമർച്ച ചെയ്ത് ബ്രിട്ടീഷുകാർ മലബാറിൽ സമാധാനം പുനഃസ്ഥാപിക്കുന്നു. 'ദൈവം നേരിട്ടയച്ച' ബ്രിട്ടീഷുകാരെ ഇന്ത്യക്കാർ വളരെ സന്തോഷത്തോടെ സ്വീകരിക്കേണ്ടതുണ്ടെന്നും സിനിമ ബോധവത്കരിക്കുന്നു. പത്തു ഘട്ടങ്ങളായി തിരിച്ചാണ് തിരക്കഥ തയ്യാറാക്കിയിരിക്കുന്നത്.[2]

ഒന്നാം ഘട്ടത്തിൽ, മാപ്പിളമാരുടെ മതഭ്രാന്താണ് (ഹിന്ദുവിരുദ്ധത) കലാപത്തിനു ഹേതുവെന്നു കാണിക്കുന്നു. രണ്ടാം ഘട്ടം മഞ്ചേരിയെ മതഭ്രാന്തന്മാരുടെ കേന്ദ്രമായി (fanatic zone) ചിത്രീകരിക്കുന്നു. മാപ്പിളമാരുടെ 19ാം നൂറ്റാണ്ടിലെ പല സമരങ്ങളെയും ആക്രോശങ്ങളും പൊട്ടിത്തെറികളുമായി ധരിപ്പിക്കാൻ ഉതകുന്ന ദൃശ്യങ്ങളാണ് മൂന്നാം ഘട്ടത്തിലുള്ളത്. നാലാം ഘട്ടത്തിൽ, തിരൂരങ്ങാടിയിലും മറ്റും പള്ളികളിൽ ആയുധങ്ങൾ ശേഖരിച്ച് ഒത്തുകൂടുന്ന മാപ്പിളമാരെ കാണിക്കുന്നു. സർക്കാർ കെട്ടിടങ്ങളും രേഖകളുമെല്ലാം നശിപ്പിക്കുന്ന മാപ്പിളമാരാണ് അഞ്ചാം



Scanned with CamScanner

ഘട്ടത്തിൽ. മാപ്പിളമാർ ബ്രിട്ടീഷ് രാജിനു പകരം ഖിലാഫത്ത് സ്വരാജ് പ്രഖ്യാപിക്കുന്നതും ആലി മുസ്‌ല്യാർ രാജാവാകുന്നതുമാണ് ആറാം ഘട്ടത്തിലുള്ളത്. ഏഴാം ഘട്ടത്തിൽ എല്ലാ ഹിന്ദു വീടുകളും കൊള്ളയടിക്കപ്പെടുന്നതും ഹിന്ദു സ്ത്രീകൾ അഭയാർഥി ക്യാമ്പുകളിലാവുന്നതും കാണാം. റോഡ്, റെയിൽവേ, ടെലിഗ്രാം സംവിധാനങ്ങൾ പുനഃസ്ഥാപിച്ചുകൊണ്ട് ബ്രിട്ടീഷ് പട്ടാളം ജനങ്ങളുടെ രക്ഷയ്ക്കെത്തുന്നത് എട്ടാം ഘട്ടത്തിൽ ചിത്രീകരിക്കുന്നു. ക്ഷേത്രങ്ങളും കൃഷിയിടങ്ങളും വീടുകളും തകർക്കുന്ന മാപ്പിളമാരെയും കോഴിക്കോട്ടെ അഭയാർഥി ക്യാമ്പുകളിൽ കഴിയുന്ന ഹിന്ദുക്കളെയും കാണിക്കുന്നു ഒമ്പതാം ഘട്ടം. പട്ടാളം ഇടപെടുന്നതും സമാധാനം തിരിച്ചുവരുന്നതും ബ്രിട്ടീഷ് പട്ടാളക്കാർ തദ്ദേശീയരുമായി സൗഹൃദത്തോടെ പെരുമാറുന്നതുമെല്ലാം കാണിച്ചുകൊണ്ട് പത്താം ഘട്ടത്തോടെ സിനിമ അവസാനിക്കുന്നു.

ഈ സിനിമ പ്രദർശിപ്പിക്കുന്നതിലൂടെ മാപ്പിളമാരോടുള്ള വിരോധം ഇന്ത്യയിലും വിദേശത്തും പരത്തുകയും അങ്ങനെ അവരെ അടിച്ചമർത്തുന്നതിനുള്ള ന്യായങ്ങൾ കൃത്രിമമായി നിർമിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യമാക്കുന്നതെന്ന് പട്ടാള ഓഫീസർ റോബിൻസൺ തന്നെ പറയുന്നുണ്ട്.[3] പിൽക്കാല മലയാളിയുടെ ജനപ്രിയ ഓർമകളിൽ 'ഭീകരനായ' മാപ്പിള നിറഞ്ഞുനിൽക്കുന്നതിൽ കൊളോണിയൽ രേഖകളും അതിനെ പിൻപറ്റിയ ദേശീയ ആഖ്യാനങ്ങളും പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

ടി എൽ സ്ട്രേഞ്ച് എന്ന ബ്രിട്ടീഷ് കമ്മീഷണർ തയ്യാറാക്കിയ റിപോർട്ടിൽ ഇങ്ങനെ പറയുന്നുണ്ട്: "ഈ മതാനുയായികൾക്ക് സഹജമായ കാഫിർ വിരോധത്തിലുപരി അസഹിഷ്ണുത, മതഭ്രാന്ത്, മിഥ്യാഭിമാനം തുടങ്ങിയ സ്വഭാവവിശേഷണങ്ങളാണ് മുഹമ്മദൻ സംസ്കാരം ഇവരിൽ വളർത്തിയത്. രണ്ടു കാരണങ്ങളാണ് ഈ വികാരങ്ങൾ വളർത്തിയതിനു പിന്നിൽ പ്രവർത്തിച്ചത്. അവ മലബാറിലെ മുഖ്യ പുരോഹിതരെല്ലാം തന്നെ അറബ് വംശജരാണെന്നതും (തങ്ങൻമാർ) ഏറ്റവും വന്യമായ ശക്തിയായി ഇസ്‌ലാം നിലനിൽക്കുന്ന അറേബ്യൻ സൈകത ഭൂമിയുമായി ഇവർ നിലനിർത്തുന്ന ബന്ധവുമാണ്."[4]

ഇതേ അഭിപ്രായം ഗാന്ധിയെ സ്വാധീനിച്ചതായി അദ്ദേഹത്തിന്റെ 'യങ് ഇന്ത്യ'യിലെ ലേഖനങ്ങളിൽ നിന്ന് മനസ്സിലാക്കാം. ഗാന്ധി 1921നെക്കുറിച്ച് എഴുതുന്നു: "മാപ്പിളമാർ മുസ്‌ലിംകളാണ്. അവരുടെ സിരകളിൽ അറബ് രക്തമുണ്ട്. അവരുടെ പൂർവികർ വളരെ വർഷം മുമ്പ് അറേബ്യയിൽ നിന്നു വന്ന് മലബാറിൽ താമസമുറപ്പിച്ചവരാണെന്നു പറയപ്പെടുന്നു. അവർ ചൂടൻമാരാണ്. എളുപ്പം ആവേശം കൊള്ളുന്നവരും. അവർ നിമിഷങ്ങൾക്കുള്ളിൽ ക്ഷോഭിക്കുകയും അക്രമാസക്തരാവുകയും ചെ

ഷ്യും. ധാരാളം കൊലപാതകങ്ങൾക്ക് അവർ ഉത്തരവാദികളാണ്. അവർ എപ്പോഴും പൊരുതാൻ ഇറങ്ങുന്നതുതന്നെ തോറ്റു മടങ്ങില്ല എന്ന പ്രതിജ്ഞയോടെയാണ്. അവരുടെ ഇപ്പോഴത്തെ പൊട്ടിത്തെറിക്ക് കാരണമെന്താണെന്ന് അറിവായിട്ടില്ല."[5]

ഈ അഭിപ്രായത്തെ എം ടി അൻസാരി വിശകലനം ചെയ്യുന്നുണ്ട്. ഇവിടെ ഗാന്ധിയുടെ അഭിപ്രായ പ്രകടനം ഇസ്‌ലാമിന്റെ സ്വഭാവത്തെക്കുറിച്ചുള്ള സ്ഥിരം പൊതുവാദമുഖങ്ങൾ ആവർത്തിക്കുകയാണ് ചെയ്യുന്നത്. മാപ്പിളമാർ മുസ്‌ലിംകളാണ്. ഇതൊരു വിവരം നൽകുകയാണോ അതോ കുറ്റപ്പെടുത്തുകയാണോ? പിന്നാലെ വരുന്ന നാമവിശേഷണങ്ങളും പ്രസ്താവനകളും, ചൂടൻമാർ, ആവേശം കൊള്ളുന്നവർ, ക്ഷോഭിക്കുക, നിമിഷങ്ങൾക്കുള്ളിൽ അക്രമാസക്തരാവുക, കൊലപാതകങ്ങൾക്ക് ഉത്തരവാദികളാണ്, പൊരുതാൻ ഇറങ്ങുന്നത് തോറ്റു മടങ്ങില്ല എന്ന പ്രതിജ്ഞയോടെയാണ് തുടങ്ങി അധിനിവേശ ഭരണകൂടം മുന്നോട്ടുവെച്ച വാദങ്ങളുടെ ആവർത്തനം മാത്രമാണ് ഇതെന്ന് എം ടി അൻസാരി നിരീക്ഷിക്കുന്നു.[6]

കുമാരനാശാന്റെ 'ദുരവസ്ഥ' എന്ന കാവ്യത്തിലെ കൊള്ളരംഗങ്ങൾക്ക് ബ്രിട്ടീഷ് സിനിമയോട് സമാനതകളുണ്ട്. അതും യാദൃച്ഛികമാവാനിടയില്ല. ആശാൻ ഈ സിനിമ കണ്ടിരിക്കാനിടയുണ്ട്.

## '1921' എന്ന സിനിമ

1921ലെ മലബാർ സമരനായകനായ വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയെപ്പറ്റി നൂറു വർഷത്തിനു ശേഷമാണല്ലോ സിനിമ പുറത്തിറക്കാൻ പല കോണുകളിൽ നിന്ന് ആലോചന നടക്കുന്നത്. 1988ൽ തന്നെ '1921' എന്ന പേരിൽ പുറത്തുവന്ന സിനിമയും നമുക്കുണ്ട്.

ടി ദാമോദരൻ തിരക്കഥയെഴുതി ഐ വി ശശി സംവിധാനം ചെയ്ത ആ സിനിമ വലിയ തോതിൽ പ്രേക്ഷകശ്രദ്ധ പിടിച്ചുപറ്റിയതാണ്. ടി ദാമോദരനും ഐ വി ശശിയും തിരക്കഥയെ ബലപ്പെടുത്താൻ നിരവധി സാമൂഹിക-സാംസ്കാരിക പ്രവർത്തകരുടെ ഉപദേശ നിർദേശങ്ങൾ സ്വീകരിച്ചിട്ടുണ്ട്. മാർക്സിയൻ വീക്ഷണത്തിലാണ് തിരക്കഥ തയ്യാറാക്കിയതെന്നും കൃത്യമായി 'സാമുദായിക സന്തുലിതത്വം' നിലനിർത്തിയിട്ടുണ്ടെന്നും സഹായിയായി ഉണ്ടായിരുന്ന ദാമോദരന്റെ മകൾ ദീദി ദാമോദരൻ പറയുന്നുണ്ട്.[7]

ഏറനാട്-വള്ളുവനാട് പ്രദേശത്ത് 1921നു മുമ്പുതന്നെ അമ്പതോളം ജന്മി-കുടിയാൻ കലാപങ്ങൾ നടന്നിട്ടുണ്ട്. ഇവയുടെ പരിസമാപ്തിയായി മലബാർ സമരത്തെ മനസ്സിലാക്കാനുള്ള ശ്രമം സിനിമ നടത്തിയില്ല. അതുകൊണ്ടുതന്നെ 'ഹിന്ദു-മുസ്‌ലിം വർഗീയത' എന്ന 'ദേശീയ



Scanned with CamScanner

പുരോഗമന' വായനയിൽ അത് കുടുങ്ങിപ്പോവുന്നു. ക്രൂരമായ മേൽജാതി പീഡനങ്ങളാൽ ഇസ്‌ലാം മതത്തെ വരിച്ച കീഴാള സമുദായങ്ങളുടെ കർത്തൃശേഷിയെ അംഗീകരിക്കുന്ന നിലപാടും നമ്മുടെ പൊതുവായനകളിൽ കുറവാണ്. കൊളോണിയൽ ചരിത്രപാഠത്തിലെ നിർബന്ധിത മതപരിവർത്തനത്തെപ്പറ്റിയുള്ള ആഖ്യാനങ്ങളാണ് ഇവിടെ സ്വീകാര്യത നേടിയിട്ടുള്ളത്. ഇത്തരം ആഖ്യാനങ്ങളെ വിമർശനരഹിതമായി പിൻപറ്റുന്ന സവർണ ചരിത്രകാരൻമാരെയാണ് പലപ്പോഴും തിരക്കഥാകൃത്തും അവലംബിക്കുന്നത്. വിജയരാഘവന്റെ ചെറുമൻ കഥാപാത്രം ഇസ്‌ലാം സ്വീകരിക്കുന്നതിന്റെ ജാതീയ കാരണങ്ങൾ സിനിമ സത്യസന്ധമായി വിശദീകരിക്കുന്നുണ്ട്. പക്ഷേ, കലാപത്തിനൊടുവിൽ ഒരുപാട് ഹിന്ദു സ്ത്രീകൾ മാനഭംഗപ്പെട്ട് മതം മാറി കാച്ചിയും മുണ്ടും ധരിച്ച് കുന്നിറങ്ങിവരുന്ന ചിത്രം എന്തു സൂചനയാണ് നൽകുന്നത്!

മാപ്പിളമാരുടെ പ്രതിരോധ ശ്രമങ്ങളെ അതിക്രൂരമായി അടിച്ചമർത്താൻ ബ്രിട്ടീഷുകാർ രൂപപ്പെടുത്തിയ 'മാപ്പിള ഔട്ട്റേജസ് ആക്റ്റ്' 1856 മുതൽ മലബാർ പ്രസിഡൻസിയിൽ നിലനിൽക്കുന്നുണ്ട്. ഈ നിയമത്തിന്റെ ബലത്തിൽ വധശിക്ഷയും അതിക്രൂരമായി ആന്തമാൻ അടക്കമുള്ള ജയിലുകളിലെ പീഡനങ്ങളും നാടുകടത്തലുകളും നിർദയമായി അടിച്ചേൽപിക്കപ്പെട്ട ജനതയാണ് മലബാർ മുസ്‌ലിംകൾ. അന്നു മുതലേ സവർണ ജന്മിമാർ ബ്രിട്ടീഷ് പക്ഷത്തു നിന്ന് ഈ അതിക്രമങ്ങൾക്കു കൂട്ടുനിൽക്കുകയായിരുന്നു. പക്ഷേ, അത്തരം പശ്ചാത്തലങ്ങൾ സിനിമ അഭിമുഖീകരിക്കാൻ ശ്രമിക്കുന്നില്ല. എന്നു മാത്രമല്ല, മുസ്‌ലിംകളെ ഹിന്ദുവിരോധികളായി ചിത്രീകരിക്കാൻ ഉതകുന്ന ഉദാഹരണങ്ങൾ ധാരാളം നൽകുകയും ചെയ്യുന്നു. വാരിയൻകുന്നത്തിനെ പരിചയപ്പെടുത്തുന്ന സന്ദർഭത്തിൽ മാത്രമേ സിനിമ, അദ്ദേഹത്തിന്റെ പിതാവിനെ ആന്തമാനിലേക്കു നാടുകടത്തിയ കഥ ചെറുതായൊന്ന് പരാമർശിക്കുക പോലും ചെയ്യുന്നുള്ളൂ.

ഖിലാഫത്തുകാർ നമ്പൂതിരി ഇല്ലങ്ങളിൽ കയറി കൊള്ളയും കൊള്ളിവെപ്പും നടത്തുന്നത് പല തവണ സിനിമയിൽ കാണിക്കുന്നുണ്ട്. സമരത്തിന്റെ മറവിൽ കയറിപ്പറ്റിയ സാമൂഹികദ്രോഹികളോ ബ്രിട്ടീഷ് അനുകൂലികളോ ആയിരുന്നു പലപ്പോഴും മാപ്പിളവേഷം ധരിച്ച് ഇത്തരം പ്രവൃത്തികൾ ചെയ്തതെന്ന് ഖിലാഫത്ത് നേതാക്കൾ വ്യക്തമാക്കുകയും അവർക്കു നേരെ ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അവയൊന്നും സിനിമയ്ക്ക് വിഷയമാവുന്നേയില്ല.

മമ്മൂട്ടി അഭിനയിച്ച കുഞ്ഞിക്കാദർ എന്ന കഥാപാത്രം മാത്രമല്ല, സിനിമയിലെത്തന്നെ പല ഭാഗങ്ങളും ഭാവനാത്മകമായ പല അംശങ്ങളും



Scanned with CamScanner

ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. ചരിത്രത്തിന്റെ ഡോക്യുമെന്റേഷൻ എന്ന നിലയ്ക്ക് സിനിമയെ വിലയിരുത്തുന്നത് പലപ്പോഴും അബദ്ധമാവുന്നത് ഇക്കാരണത്താലാണ്.

മലബാർ ചരിത്രത്തിൽ പൊതുവേ കുഞ്ഞിക്കാദറിനെപ്പറ്റി വേണ്ട രീതിയിൽ പരാമർശിക്കപ്പെട്ടിട്ടില്ല. 1921 ആഗസ്ത് 20 മുതൽ 31 വരെയുള്ള ഒന്നാംഘട്ട സമരകാലത്തുതന്നെ കുഞ്ഞിക്കാദർ അറസ്റ്റ് ചെയ്യപ്പെടുന്നുണ്ട്.

വാരിയൻകുന്നത്ത് നേതൃരംഗത്തു വരുന്നത് പിന്നീടാണുതാനും. എന്നാൽ സമരത്തിന്റെ രണ്ടും മൂന്നും ഘട്ടങ്ങളിലൊക്കെ കുഞ്ഞിക്കാദർ പങ്കെടുക്കുന്നതായാണ് സിനിമയിൽ കാണിക്കുന്നത്. പോരാളിയായ കുഞ്ഞിക്കാദറിനെ പരിചയപ്പെടുത്തി എന്ന നിലയിൽ സിനിമ അഭിനന്ദനം അർഹിക്കുന്നുണ്ട്. പക്ഷേ, രണ്ടും മൂന്നും ഘട്ട സമരങ്ങളിൽ പങ്കെടുത്ത് വാരിയൻകുന്നത്തിനോടൊപ്പം അദ്ദേഹം വെടിയേറ്റു മരിക്കുന്നതായി സിനിമയിൽ കാണിക്കുമ്പോൾ അത് ചരിത്രനിഷേധമാണെന്നും ഓർക്കേണ്ടതുണ്ട്. കുഞ്ഞിക്കാദറിനെ ബ്രിട്ടീഷ് ഗവണ്മെന്റ് കണ്ണൂർ സെൻട്രൽ ജയിലിൽ വെച്ച് തൂക്കിലേറ്റുകയായിരുന്നു.

പട്ടാള കോടതിയിൽ തൂക്കിക്കൊല്ലാൻ വിധിക്കുന്നതിനു മുമ്പ് അദ്ദേഹം നൽകിയ മൊഴിയുണ്ട്. “ഭാര്യ ഗർഭിണിയാണെന്നും അവൾ പ്രസവിക്കുന്നത് ആൺകുട്ടിയാണെങ്കിൽ അവനെയും ബ്രിട്ടീഷ് ഭരണത്തിനെതിരായി രംഗത്തിറക്കും” എന്നായിരുന്നു അത്.

സമരപ്രവർത്തനങ്ങൾക്കായി 1920 ആഗസ്ത് 20നു താനൂരിലെ വീട്ടിൽ നിന്നു തിരൂരങ്ങാടിയിലേക്ക് പുറപ്പെടുമ്പോൾ രണ്ടു മക്കളെയും ഗർഭിണിയായ ഭാര്യയെയും തനിച്ചാക്കേണ്ടിവന്നു. പിന്നീട് ബ്രിട്ടീഷ് പിടിയിലായ അദ്ദേഹം തനിക്ക് ആൺകുഞ്ഞ് പിറന്ന വിവരം ജയിലിൽ വെച്ചാണ് അറിയുന്നത്. ബ്രിട്ടീഷുകാരുടെ ഏകപക്ഷീയ വിചാരണയിൽ നിന്നു രക്ഷപ്പെടാനായി ചിലരൊക്കെ മാപ്പെഴുതിക്കൊടുത്തപ്പോഴും നാടിന്റെ വിമോചനത്തിനു വേണ്ടി തൂക്കുകയർ സ്വീകരിച്ച ധീരനാണ് കുഞ്ഞിക്കാദർ.

തന്റെ ഗുരുനാഥൻ ആമിനുമ്മാന്റകത്ത് പരീക്കുട്ടി മുസ്‌ല്യാരിലൂടെയാണ് കുഞ്ഞിക്കാദർ ഖിലാഫത്ത് പ്രസ്ഥാനവുമായി ബന്ധപ്പെടുന്നത്. 1918ൽ കോഴിക്കോട് കടപ്പുറത്തു ചേർന്ന ഖിലാഫത്ത് കോൺഗ്രസ് സമ്മേളനത്തിൽ കുഞ്ഞിക്കാദറും പങ്കെടുത്തു. താനൂരിൽ നിന്നുള്ള പ്രവർത്തകരെ ഗാന്ധിജിയും മൗലാനാ ഷൗക്കത്തലിയും പങ്കെടുത്ത ചരിത്രപ്രസിദ്ധമായ ആ യോഗത്തിൽ അദ്ദേഹം പങ്കെടുപ്പിച്ചു. ഗാന്ധിജിയുമായും ഷൗക്കത്തലിയുമായുമെല്ലാം കുഞ്ഞിക്കാദറിനു നേരിട്ടു



Scanned with CamScanner

ബന്ധമുണ്ടായിരുന്നു. അറബിയും ഉർദുവും തമിഴും അറിയാമായിരുന്നു. താനൂർ ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറിയായി പരീക്കുട്ടി മുസ്ല്യാരും ജോയിന്റ് സെക്രട്ടറിയായി കുഞ്ഞിക്കാദറും തിരഞ്ഞെടുക്കപ്പെട്ടു. താനൂരിലെ ഭേദപ്പെട്ട അരിക്കച്ചവടക്കാരനായിരുന്ന കുഞ്ഞിക്കാദർ അങ്ങനെ മുഴുസമയ ഖിലാഫത്ത് പ്രവർത്തകനായി മാറി.

താനൂർ കടപ്പുറത്തെ പുറംപോക്കുഭൂമിയിൽ പരിസരവാസികൾ തെങ്ങിൻതൈകൾ വെച്ചുപിടിപ്പിച്ചതിനെ ബ്രിട്ടീഷുകാർ ചോദ്യം ചെയ്തു. തൈകൾ പറിച്ചൊഴിവാക്കാനും കൽപന വന്നു. ഇതിനെതിരെ കുഞ്ഞിക്കാദറിന്റെ നേതൃത്വത്തിലാണ് ആദ്യത്തെ നിയമലംഘന സമരം നടന്നത്. സ്ഥലത്തിനു നികുതി നൽകണമെന്നു പറഞ്ഞ് ബ്രിട്ടീഷുകാർക്ക് ആ പ്രശ്നം പരിഹരിക്കേണ്ടിവന്നു. താനൂർ കടപ്പുറത്ത് ഖിലാഫത്ത് കമ്മിറ്റി യോഗം ചേരാൻ തീരുമാനിച്ചപ്പോൾ ബ്രിട്ടീഷുകാർ ആ യോഗം നിരോധിച്ചു. സമ്മേളന ആവശ്യാർഥം കോഴിക്കോട്ട് എത്തിയ കെ മാധവൻ നായരെയും യു ഗോപാല മേനോനെയും കുഞ്ഞിക്കാദറിനെയും പോലീസ് അറസ്റ്റ് ചെയ്യുന്നു.[8]

'1921' എന്ന സിനിമ പുറത്തിറങ്ങിയ 1980കൾ ഒരു സംക്രമണദശയാണ്. 'നല്ല മുസ്‌ലിം', 'ചീത്ത മുസ്‌ലിം' എന്ന പരികൽപന രൂപപ്പെട്ടുവരുന്ന ഘട്ടം. 1980കളുടെ അവസാനമാവുമ്പോഴേക്കും ഷാബാനു കേസ്, ശരീഅത്ത് വിവാദം, മണ്ഡൽ-മസ്ജിദ് വ്യവഹാരങ്ങൾ വികസിച്ചുവരുന്നുമുണ്ട്. ഈ കാലഘട്ടത്തിന്റെ സംഘർഷങ്ങൾ സിനിമയിലും പ്രതിഫലിക്കുന്നതായി വായിക്കാവുന്നതാണ്. മുസ്‌ലിം വിരുദ്ധമെന്നോ അനുകൂലമെന്നോ പറയാനാവാത്ത സന്ദിഗ്ധമായ ഒരു പ്രതലത്തിലാണ് ഈ സിനിമയിൽ മുസ്‌ലിം പ്രതിനിധാനം നിലകൊള്ളുന്നത്. 1921നെ യഥാതഥമായി കാണിക്കുകയല്ല സിനിമ, മറിച്ച് 1980കളിലെ സാമൂഹിക ആകുലതകളും രാഷ്ട്രീയ പ്രശ്നങ്ങളുമായി കണ്ണിചേർത്താണ് '1921' സിനിമയെ രൂപപ്പെടുത്തുന്നത്.

ദീദി ദാമോദരന്റെ അഭിമുഖം ഇതിന്റെ നല്ല ഉദാഹരണമാണ്: "വളരെ കൃത്യമായി ബാലൻസ് ചെയ്താണ് സിനിമയെടുത്തത്. എല്ലാവരുടെയും ഭാഗം ആ സിനിമ പറഞ്ഞു. പിന്നീട് ആർ എസ് എസുകാർക്കോ മുസ്‌ലിം സംഘടനകൾക്കോ നിഷ്പക്ഷരായവർക്കോ കുറ്റം പറയാനോ വിവാദമുണ്ടാക്കാനോ ഒന്നും '1921'ൽ ഉണ്ടായില്ല. എല്ലാം ശാന്തമായിരുന്നു. സിനിമാ ചർച്ച നടക്കുമ്പോൾ അച്ഛന്റെ സുഹൃത്തുക്കളും ബന്ധുക്കളും മുന്നറിയിപ്പ് നൽകിയിരുന്നു, കൊന്നുകളയും, സൂക്ഷിക്കണമെന്ന്. മണ്ണിൽ മുഹമ്മദ് എന്നയാളാണ് സിനിമയ്ക്ക് പണം ഇറക്കുന്നതെന്നും അയാൾക്ക് ലക്ഷ്യങ്ങളുണ്ടാകുമെന്നും പറഞ്ഞിരുന്നു. ഇന്നത്തെ



Scanned with CamScanner

പ്പോലെ തുറന്ന ഭീഷണികളായിരുന്നില്ല അന്ന്. കത്തുകളായി എഴുതി ക്കൊടുത്തിരിക്കാം. മാധ്യമങ്ങളൊന്നും റിപ്പോർട്ട് ചെയ്തില്ല. അതുകൊണ്ട് നാട്ടുകാർ അറിഞ്ഞതുമില്ല..."[9]

ദീദി ദാമോദരന്റെ വാക്കുകളെ വിശകലനം ചെയ്യുന്നത് കൗതുകകരമാണ്. ബാലൻസ് ചെയ്യുക എന്ന പ്രയോഗം തന്നെ നോക്കാം. ആർ എസ് എസുകാർ, മുസ്‌ലിം സംഘടനകൾ എന്നിവയെ ഒരുമിച്ച് പ്രയോഗിച്ചിരിക്കുന്നു. ഇത് സിനിമ ഇറങ്ങിയ കാലഘട്ടത്തിന്റെ മുസ്‌ലിം വിരുദ്ധ പൊതുബോധം മാത്രമല്ല, ദീദി ദാമോദരൻ ഇന്റർവ്യൂ ചെയ്യപ്പെടുന്ന 2022ലെ രാഷ്ട്രീയ കാലാവസ്ഥയെ കൂടി കാണിക്കുന്നു. കൊന്നുകളയുമെന്ന മുന്നറിയിപ്പ്, സിനിമയ്ക്ക് പണമിറക്കുന്ന മണ്ണിൽ മുഹമ്മദിന് ലക്ഷ്യങ്ങളുണ്ടാകാം എന്ന ആധി, കത്തുകളിലൂടെയുള്ള ഭീഷണി തുടങ്ങിയവ മുസ്‌ലിം കർതൃത്വത്തിലുള്ള സംരംഭങ്ങളോടുള്ള എക്കാലത്തുമുള്ള സെക്കുലർ ആകുലതയാണ്. ഇത്തരം 'സുരക്ഷാ വ്യവഹാരങ്ങൾ' (security discourses) ലോകമാകെ കറുത്തവരോടും യൂറോപ്പിതരരോടുമെല്ലാം തുടർന്നുവരുന്നതാണ്. ഇന്ത്യൻ അവസ്ഥയിൽ ദലിത്-ആദിവാസി-മുസ്‌ലിം വിഭാഗങ്ങളും ഇത്തരം പിശാചുവത്കരണം അനുഭവിക്കുന്നുണ്ട്. മുസ്‌ലിംകളുടെ നേതൃത്വത്തിലുള്ള സാമൂഹിക-രാഷ്ട്രീയ സംഘാടനങ്ങളെ പുരോഗമന-മതേതര-ലിബറൽ വരേണ്യത ഭയക്കുകയും ഭയപ്പെടുത്തുകയും ചെയ്യുന്നത് ഇതിന്റെ ഭാഗമാണ്.

ചുരുക്കത്തിൽ, നിലവിലുള്ള മുസ്‌ലിം പ്രശ്നങ്ങളുമായി ബന്ധപ്പെട്ടാണ് 1921നെക്കുറിച്ചുള്ള ഏതു വ്യവഹാരവും നിലനിൽക്കുന്നത്. മുസ്‌ലിംകളെ വംശീയമായി പുറന്തള്ളാനുള്ള ന്യായങ്ങളായി അവ വർത്തമാനകാലത്ത് പൊതുബോധമായി മാറിത്തീരുകയാണ് ചെയ്യുക.

## കുറിപ്പുകളും പരാമർശങ്ങളും

1. 1929-39 കാലത്ത് ബ്രിട്ടീഷ്-ഹോളിവുഡ് സിനിമകൾ ഇന്ത്യയെ ചിത്രീകരിച്ച രീതികളെക്കുറിച്ച് 1930s Imperial propaganda: How starstudded western films justified British colonialism എന്ന ലേഖനത്തിൽ പത്രപ്രവർത്തകയായ നന്ദിനി രതി എഴുതുന്നു. 11 Aug 2017, The Indian Express, വി മുസഫർ അഹമ്മദ്, ട്രൂ കോപ്പി തിങ്ക് ഓൺലൈൻ മാഗസിനിൽ 2020 ജൂലൈ 16ന് എഴുതിയ 'ബ്രിട്ടീഷുകാർ എടുത്ത മാപ്പിള റെബലിയൻ സിനിമക്ക് എന്തു സംഭവിച്ചു' എന്ന ലേഖനത്തിൽ ഇത് സൂചിപ്പിക്കുന്നുണ്ട്.
2. 1921ൽ ബ്രിട്ടീഷുകാർ ഇറക്കിയ 'സിനിമയുടെ കഥ' എന്ന പേരിൽ ഡോ. പി ശിവദാസൻ നടത്തിയ പ്രഭാഷണം. മുക്കം എം എ എം ഒ കോളജിലെ ചരിത്ര വിഭാഗം 24-10-2020ന് നടത്തിയ വെബിനാർ. പ്രഭാഷണം



Scanned with CamScanner

യൂട്യൂബിൽ ലഭ്യമാണ്.

3. Ibid

4. പി പി അബ്ദുർറസാഖ്, കലാപവിരുദ്ധ ആഖ്യാനങ്ങളും മതഭ്രാന്തനായ മാപ്പിളയും, മാപ്പിള വസന്തം, എഡി: ഇ സി ഹസ്കറലി, എസ് എസ് സി അരീക്കോട്, 2012, p. 91.

5. Gandhi, M K, Responses in Young India, 2 March 1922 and 1 May 1924 (Vol. 21, p. 47-48).

6. എം ടി അൻസാരി, മലബാർ ദേശീയതയുടെ ഇടപാടുകൾ, ഡി സി ബുക്സ്, 2008, p. 80.

7. ദീദി ദാമോദരനുമായി അഭിമുഖം, എ പി ഭവിത, 24th Jun, 2020, The Cue online magazine.

8. ഹമീദ് പരപ്പനങ്ങാടി, ഇങ്ങനെയൊരു ആൺകുട്ടി താനൂരിൽ പിന്നെ പിറന്നിട്ടില്ല: ശഹീദ് കുഞ്ഞിക്കാദർ തൂക്കുമരത്തിലേറിയിട്ട് ഇന്നേക്ക് 99 വർഷം, Thejas News web portal, 20 Aug, 2020.

9. വാരിയംകുന്നൻ കഥാപാത്രമായ 1921ന്റെ തിരക്കഥാകൃത്ത് നേരിട്ട ഭീഷണിയെപ്പറ്റി മകൾ ദീദി ദാമോദരൻ, News 18 Malayalam, June 25, 2020.

Scanned with CamScanner